# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2082** **14-10-2024 - ൽ മറുപടിയ്ക്ക്**

**പത്രമാധ്യമങ്ങളിലെ വ്യാജ പ്രചരണങ്ങളിൽ നിയമ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ദുരന്തത്തെ തുടർന്ന് ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ നടന്ന വ്യാജ പ്രചരണങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (എ) | ദുരന്ത നിവാരണ നിയമം 2005 പ്രകാരം ദുരന്തം നേരിടുന്ന സമയത്ത് വ്യാജ വാർത്തകൾ മനപൂർവ്വം സൃഷ്ടിക്കുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണ്.<br><br>ഏറ്റവും ദാരുണമായ ദുരന്തങ്ങളിലൊന്നാണ് മേപ്പാടി പഞ്ചായത്തിലുണ്ടായത്. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളും താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി. യാതൊരു ആക്ഷേപങ്ങൾക്കും ഇടനൽകാതെയാണ് ഈ പ്രവർത്തനങ്ങളെല്ലാം നടന്നത്. എല്ലാവരുടെയും സഹകരണവും പിന്തുണയുമുണ്ടായിരുന്നു. ഇതിനെതിരെ വന്ന വ്യാജവാർത്തകൾ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈയ്യയച്ച് സംഭാവന നൽകുന്ന സാധാരണ ജനങ്ങളെ അതിൽ നിന്നും പിന്തിരിപ്പിക്കുക എന്ന ദുഷ്ടലാക്കോടു കൂടിയുള്ളതായിരുന്നു. തെറ്റായ വാർത്തയാണ് നൽകിയതെന്ന് തിരിച്ചറിഞ്ഞ് ചില മാധ്യമങ്ങൾ അത് തിരുത്തി നൽകിയിട്ടുണ്ട്.<br><br>നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പരമാവധി സഹായം ലഭിക്കാൻ തയ്യാറാക്കി നൽകിയ മെമ്മോറാണ്ടമാണ് ഇത്തരത്തിൽ വ്യാജ വാർത്ത വഴി വിചാരണ ചെയ്യപ്പെട്ടത്.<br><br>ജനങ്ങളുടെ അതിജീവനപ്പോരാട്ടങ്ങളെ തുരങ്കം വയ്ക്കുന്ന തരത്തിലുള്ള ഇത്തരം വാർത്തകൾ നൽകുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് മാധ്യമങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ